കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊന്നാനി നഗരസഭ - ഔദ്യോഗികാവശ്യത്തിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1196/18/തസ്വഭവ തിരുവനന്തപുരം, തീയതി, 26.04.2018

വായന:- 1) 06/0912 ലെ സ.ഉ(സാധാ)നം.2528/12/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2) പൊന്നാനി നഗരസഭാ ചെയർമാന്റെ 18/03/2018 ലെ കത്ത്

## ഉത്തരവ്

പൊന്നാനി നഗരസഭ ഔദ്യോഗികാവശ്യത്തിന് നിലവിൽ ഉപയോഗിക്കുന്ന കെ.എൽ 54-125, കെ.എൽ 54-A-8570 എന്നീ വാഹനങ്ങൾ കാലപ്പഴക്കത്താൽ പ്രവർത്തന രഹിതമായതിനാൽ പകരം പുതിയ രണ്ട വാഹനങ്ങൾ വാങ്ങുന്നതിന് അനുവാദം നൽകണമെന്ന് മുകളിൽ വായിച്ച കത്ത് പ്രകാരം പൊന്നാനി നഗരസഭാ ചെയർമാൻ അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊന്നാനി നഗരസഭാ ഔദ്യോഗികാവശ്യത്തിന് നിലവിൽ ഉപയോഗിക്കുന്ന കെ.എൽ 54-125, കെ.എൽ 54-A-8570 എന്നീ വാഹനങ്ങൾ കാലപ്പഴക്കത്താൽ പ്രവർത്തന രഹിതമായതിനാൽ ഓരോ വാഹനത്തിനും 10 ലക്ഷം(പത്ത് ലക്ഷം രൂപ മാത്രം) രൂപയിൽ അധികരിക്കാത്ത തുകയ്ക്ക് തനത് ഫണ്ട് ഉപയോഗിച്ച് പുതിയ രണ്ട് വാഹനങ്ങൾ വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ നഗരസഭ നിലവിൽ ഉപയോഗിച്ചു വരുന്ന, കാലപ്പഴക്കത്താൽ പ്രവർത്തന രഹിതമായ, കെ.എൽ 54-125, കെ.എൽ 54-A-8570 എന്നീ വാഹനങ്ങൾ എല്ലാ നടപടിക്രമങ്ങളും പാലിച്ച് പൊതു ലേലത്തിലൂടെ എത്രയും വേഗം കണ്ടം ചെയ്ത് ഒഴിയുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ/സെക്രട്ടറി, പൊന്നാനി നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ